## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## എസ്. ഐ. തസ്തികയിലെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3554. 20/6/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളാ പോലീസിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് നിലവിൽ എത്രയാണെന്നറിയിക്കുമോ; കേരള പോലീസിൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (ജനറൽ എക്സിക്യൂട്ടീവ്) കേഡർ സ്ട്രെങ്ത് നിലവിൽ എത്രയാണ്; | (എ) | പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.മാരായി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പോസ്റ്റ് അപ്ഗ്രഡേഷന് മുമ്പുള്ള കേഡർ തസ്തിക 2232 ആണ്. തസ്തിക ഉയർത്തൽ മൂലം ഉണ്ടായ വ്യത്യാസത്തിനനുസരിച്ച് പോലീസ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) കേഡർ സ്ട്രെങ്ങ്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇത്തരത്തിൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനായി എത്ര സബ് ഇൻസ്പെക്ടർമാർക്ക് 2018-2019 | (ബി) | 370 പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.മാരായി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പോസ്റ്റ് അപ്ഗ്രഡേഷൻ നടത്തിയതിന്റെ ഭാഗമായി 167 എസ്.ഐ.മാർക്ക് (ജനറൽ എക്സിക്യൂട്ടീവ്) പ്രമോഷൻ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | കാലയളവിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്; അതിന്റെ ഭാഗമായി സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; വിശദവിവരം നല്കുമോ; | | എസ്.ഐ.മാരുടെ ഒഴിവുകൾ ഉണ്ടായിട്ടില്ല. ആനുപാതികമായി ഇൻസ്പെക്ടർ തസ്തിക കൂട്ടുകയാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. ആയി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന്റെ ഭാഗമായി 268 സ്റ്റേഷനുകളിൽ രണ്ടാം ഘട്ടം നടപ്പിലാക്കിയപ്പോൾ അധികമായി എത്ര ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇങ്ങനെ ഒഴിവുണ്ടായ എസ്.ഐ തസ്തികകൾ അടിയന്തരമായി നികത്തുമോ; | (സി) | ഇതിന്റെ ഭാഗമായി എസ്.ഐ. തസ്തികകളിൽ ഒഴിവുണ്ടായിട്ടില്ല. |
| (ഡി) | നിലവിൽ കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകളിൽ രണ്ടോ അതിലധികമോ സബ് ഇൻസ്പെക്ടർമാരും ഒരു ഇൻസ്പെക്ടറും ജോലി ചെയ്യുന്നുണ്ട്; | (ഡി) | നിലവിൽ കേരളത്തിലെ 297 പോലീസ് സ്റ്റേഷനുകളിൽ രണ്ടോ അതിലധികമോ സബ് ഇൻസ്പെക്ടർമാരും ഒരു ഇൻസ്പെക്ടറും ജോലി ചെയ്യുന്നുണ്ട്. |
| (ഇ) | കേരള പോലീസ് ആംഡ് ബറ്റാലിയനിൽ പി.എസ്.സി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എത്ര സബ് ഇൻസ്പെക്ടർ ഒഴിവുകൾ നിലവിലുണ്ട്; ആയത് നികത്താനുള്ള നടപടികൾ ഏതുവരെ ആയെന്നറിയിക്കുമോ; | (ഇ) | കേരള പോലീസ് ആംഡ് ബറ്റാലിയനിൽ പി.എസ്.സി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട സബ് ഇൻസ്പെക്ടർമാരുടെ 28 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഒരു എസ്.ഐ. മാത്രം ഉണ്ടായിരുന്ന 137 സ്റ്റേഷനുകൾ ഐ.എസ്.എച്ച്.ഒ.സ്റ്റേഷനുകൾ ആക്കി മാറ്റിയതോടെ അവിടങ്ങളിൽ എസ്.ഐ. തസ്തികയിൽ ആളില്ലാത്ത അവസ്ഥ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ 137 സ്റ്റേഷനുകളിലും എസ്.ഐ. തസ്തികയിൽ ആളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എസ്.ഐ. തസ്തികയിൽ ആളില്ലാത്ത അവസ്ഥ സംജാതമായാൽ ആയത് പരിശോധിച്ച് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | എസ്.എച്ച്.ഒ. ഇമ്പ്ലിമെന്റേഷന്റെ ഭാഗമായി സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (General Executive) തസ്തികയുടെ കേഡർ സ്ട്രങ്ത് കുറയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു സർക്കിൾ ഇൻസ്പെക്ടറും രണ്ട് സബ് ഇൻസ്പെക്ടർമാരും ആവശ്യമായി വരുന്ന ഈ ഐ.എസ്.എച്ച്.ഒ. പരിഷ്കാരത്തിൽ ഇത്തരത്തിൽ കേഡർ സ്ട്രെങ്ത് കുറയ്ക്കുന്നത് ജനസംഖ്യയും കുറ്റകൃത്യങ്ങളും കൂടി വരുന്ന നിലവിലെ സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ അഭാവം സൃഷ്ടിക്കുകയും ജോലിഭാരം കൂട്ടുകയും ചെയ്യുന്ന ഒരു സ്ഥിതി ഉണ്ടാക്കില്ലെയെന്നറിയിക്കാമോ? | (ജി) | എസ്.എച്ച്.ഒ. ഇമ്പ്ലിമെന്റേഷന്റെ ഭാഗമായി അപ്ഗ്രേഡ് ചെയ്യപ്പെട്ട എസ്.ഐ. (കെ.സി.പി) തസ്തികകൾ കുറവ് ചെയ്ത് എസ്.ഐ.മാരുടെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ